കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം &
പ്രിയദർശിനി പ്ളാനറ്റേറിയം,
വികാസ്ഭവൻ പി. ഒ, തിരുവനന്തപുരം - 33.
ഫോൺ - 2306024, 2306025, ഫാക്സ് - 0471 - 2304286.
(2011 ഡിസംബർ പ്രസിദ്ധീകരണം)

പൗരാവകാശ രേഖ

ഇ-മെയിൽ: **directorksstm @ gmail.com**
Website : www.kstmuseum.com

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം & പ്രിയദർശിനി പ്ളാനറ്റേറിയം,

വികാസ്ഭവൻ പി. ഒ, തിരുവനന്തപുരം – 33.
ഫോൺ – 2306024, 2306025, ഫാക്സ് – 0471 – 2304286.

(2011 ഡിസംബർ പ്രസിദ്ധീകരണം)

ഇ-മെയിൽ: **directorksstm @ gmail.com**
Website : www.kstmuseum.com

തലസ്ഥാന നഗരിയുടെ ഹൃദയഭാഗത്ത് 1984 – ൽ കേരള സർക്കാരിനാൽ സ്ഥാപിതമായ ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം. 1981 ഒക്ടോബർ 5 – ാം തീയതി ട്രാവൻകൂർ – കൊച്ചിൻ ലിറ്ററി സയൻന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഈ സ്ഥാപനം അനൗപചാരിക രീതിയിൽ വിനോദത്തിലൂടെ ശാസ്ത്രവിജ്ഞാനം സമൂഹത്തിന് പകർന്നു കൊടുക്കുന്നതിൽ ഗണ്യമായ പങ്കു വഹിക്കുന്നു. ഇതൊരു അനൗപചാരിക പഠനകേന്ദ്രവും പ്രമുഖ വിനോദസഞ്ചാര കേന്ദ്രവുമാണ്.

ഭരണ നിർവ്വഹണം

മ്യൂസിയത്തിന്റെ ഭരണപരമായ നടത്തിപ്പിന്റെ ചുമതല പതിനേഴ് അംഗ ഗവേണിംഗ് ബോഡിയിൽ നിക്ഷിപ്തമാണ്. ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഗവേണിംഗ് ബോഡിയുടെ അധ്യക്ഷനായിരിക്കും. മ്യൂസിയത്തിന്റെ ദൈനംദിന ഭരണ ചുമതല ഡയറക്ടർക്കായിരിക്കും. ഇതുകൂടാതെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു ഒൻപതംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ട്.

ഉദ്ദേശ്യലക്ഷ്യങ്ങൾ

1) ശാസ്ത്ര സാങ്കേതിക രംഗത്തെ വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പ്രദർശന വസ്തുക്കൾ നിർമ്മിച്ച് ഗ്യാലറികൾ സ്ഥാപിക്കുക. ഇപ്രകാരം ശാസ്ത്ര സാങ്കേതിക രംഗത്തെപ്പറ്റിയുള്ള അറിവ് സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള ശക്തമായ ഒരു മാധ്യമമായി നിലനിൽക്കുക.
2) യുവാക്കളിൽ ശാസ്ത്രചിന്താഗതി വളർത്തിയെടുത്ത് അവരിൽ ശാസ്ത്ര അവബോധം സൃഷ്ടിക്കുക.
3) ശാസ്ത്രവുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിച്ച് ടി.വി, റേഡിയോ എന്നീ മാധ്യമങ്ങൾ മുഖേന അവതരിപ്പിക്കുക.
4) സഞ്ചരിക്കുന്ന ശാസ്ത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കുക.
5) ശാസ്ത്രപ്രഭാഷണങ്ങൾ സംഘടിപ്പിക്കുക.
6) വിദ്യാർത്ഥികൾക്കായി ശാസ്ത്ര മത്സരങ്ങൾ സംഘടിപ്പിക്കുക.
7) ശാസ്ത്ര സംബന്ധമായ വസ്തുതകൾ ഗ്രാമപ്രദേശങ്ങളിൽ പ്രചരിപ്പിക്കുക.
8) കേരളത്തിലെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ശാസ്ത്രകേന്ദ്രങ്ങൾ സ്ഥാപിച്ച് മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുക.
9) മ്യൂസിയവും ശാസ്ത്രകേന്ദ്രങ്ങളും അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങളാക്കി വികസിപ്പിക്കുക.
10) വിനോദത്തിലൂടെ വിജ്ഞാനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുക.

മ്യൂസിയം ഒറ്റനോട്ടത്തിൽ

മ്യൂസിയത്തിന്റെ ആദ്യഘട്ടം മുന്നൂറോളം പ്രദർശന വസ്തുക്കളുള്ള ഗ്യാലറികളോടെ 1984 ൽ പ്രവർത്തനം തുടങ്ങി. തുടർന്ന്, പോപ്പുലർ സയൻസ്, മാത്തമാറ്റിക്സ്, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ബയോ മെഡിക്കൽ എഞ്ചിനീയറിംഗ് എന്നീ ഗ്യാലറികൾ ആരംഭിച്ചു. പ്രിയദർശിനി പ്ളാനറ്റേറിയം എന്ന മഹത്തായ സംരംഭം 1994 – ൽ പ്രവർത്തനം തുടങ്ങി. 1997 – ൽ കുട്ടികളുടെ ശാസ്ത്രോദ്യാനവും സമർപ്പിച്ചു. തുടർന്ന് കംപ്യൂട്ടർ ഗ്യാലറിയും സോളാർ എനർജി ഗ്യാലറിയും നിലവിൽ വന്നു. പതിമൂന്ന് ശാസ്ത്ര കളിക്കോപ്പുകൾ അടങ്ങിയ പ്ളേ പാർക്ക് 2005 – ൽ പ്രവർത്തനമാരംഭിച്ചു. എനർജി പാർക്ക്, ത്രിമാന സിനിമാ തീയേറ്റർ, ഡിജിറ്റൽ വെയിംഗ് മെഷീൻ, എഡ്യൂസാറ്റ് ടാക്ക്ബാക്ക് ടെർമിനൽ, എനർജി ബോൾ മുതലായവയാണ് സന്ദർശകരെ ആകർഷിക്കുന്ന മറ്റ് ഘടകങ്ങൾ.

തിങ്കളാഴ്ചകളിൽ സന്ദർശകർക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.

മ്യൂസിയം ഗ്യാലറി

പ്രവർത്തന സമയം : രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെ

ടിക്കറ്റ് നിരക്കുകൾ

മുതിർന്നവർ – 15 രൂപ

കുട്ടികൾക്ക് (10 വയസ്സിനു താഴെ) – 10 രൂപ

വിദ്യാർത്ഥികളുടെ ഗ്രൂപ്പുകൾക്ക് – ഒരാൾക്ക് 10 രൂപ

പ്ളാനറ്റേറിയം

പ്രദർശന സമയം : 10 മണി, 12 മണി (ഇംഗ്ളീഷ്), 3 മണി, 5 മണി

ടിക്കറ്റ് നിരക്കുകൾ

മുതിർന്നവർ – 10 രൂപ

കുട്ടികൾക്ക് (10 വയസ്സിനു താഴെ) – 10 രൂപ

വിദ്യാർത്ഥികളുടെ ഗ്രൂപ്പുകൾക്ക് – ഒരാൾക്ക് 10 രൂപ

3 – D തീയേറ്റർ

പ്രദർശന സമയം : രാവിലെ 10 മുതൽ 5 വരെ

ടിക്കറ്റ് നിരക്ക് – 10 രൂപ

ത്രില്ലേറിയം (Thrillarium)

(Motion simulator with six Dof)

പ്രദർശനസമയം : 10 **AM to 5 PM**

ടിക്കറ്റ് നിരക്കുകൾ

മുതിർന്നവർ – 20 രൂപ

കുട്ടികൾക്ക് (10 വയസ്സിനു താഴെ) – 10 രൂപ

വിദ്യാർത്ഥികളുടെ ഗ്രൂപ്പുകൾക്ക് – ഒരാൾക്ക് 10 രൂപ

ലേസേറിയം മ്യൂസിക്കൽ ഫൗ ൻ

പ്രദർശനസമയം : വൈകുന്നേരം 7 മണി

ടിക്കറ്റ് നിരക്കുകൾ

മുതിർന്നവർ – 20 രൂപ

കുട്ടികൾക്ക് (10 വയസ്സിനു താഴെ) – 10 രൂപ

വിദ്യാർത്ഥികളുടെ ഗ്രൂപ്പുകൾക്ക് – ഒരാൾക്ക് 10 രൂപ

വാന നിരീക്ഷണം & ഹാം റേഡിയോ

വ്യാഴാഴ്ചയും വെള്ളിയാഴ്ചയും വൈകുന്നേരം

ടിക്കറ്റ് നിരക്ക്

മുതിർന്നവർ – 15 രൂപ

കുട്ടികൾക്ക് (10 വയസ്സിനു താഴെ) – 10 രൂപ

വിദ്യാർത്ഥികളുടെ ഗ്രൂപ്പുകൾക്ക് – ഒരാൾക്ക് 10 രൂപ

അസ്ട്രോവാൻ : ഒരു ദിവസത്തേക്ക് 1000 രൂപ

മറ്റ് സേവനങ്ങൾ

സമ്മർ ക്ളാസ്സ് –

അപ്പർ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് സമ്മർ വെക്കേഷൻ ക്ളാസ്സുകൾ നടത്തുന്നു.

(പ്രവേശന ഫീസ് – 1000 രൂപ)

ടാലന്റ് ഡെവലപ്പ്മെന്റ് ക്ളാസ്സ് -

ഹൈസ്കൂൾ, ഹയർസെക്കന്ററി തലങ്ങളിലുള്ള വിദ്യാർത്ഥികൾക്കായി ഇലക്ട്രോണിക്സ്, കംപ്യൂട്ടർ സയൻസ്, ഇലക്ട്രിക്കൽ എന്നീ എഞ്ചിനീയറിംഗ് ശാഖകളെ ആസ്പദമാക്കിയുള്ള പ്രവൃത്തി പരിചയ ക്ളാസ്സുകൾ നടത്തുന്നു.

(പ്രവേശന ഫീസ് – 500 രൂപ)

ഇൻകൾകെയ്റ്റ്

ഇൻകൾകെയ്റ്റ് സയൻസ് പ്രൊപ്പഗേഷൻ പ്രോഗ്രാം കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കാനും ശാസ്ത്രാഭിമുഖ്യമുള്ള പ്രതിഭകളെ ചെറുപ്രായത്തിൽ ത്തന്നെ കണ്ടെത്തി വേണ്ട പരിശീലനം നൽകി ഉത്തമ ശാസ്ത്രജ്ഞരെ വാർത്തെടുക്കുന്നതി നുമായി എട്ടാം ക്ളാസ്സ് വിദ്യാർത്ഥികൾക്കായുള്ള ഒരു സ്കോളർഷിപ്പ് പദ്ധതിയാണിത്.

ലൈബ്രറി -

ഇന്റർനെറ്റ് സൗകര്യത്തോടു കൂടിയ ലൈബ്രറിയുടെ സൗകര്യങ്ങൾ പൊതു ജനങ്ങൾക്ക് ലഭ്യ മാണ്.

സ്കൂൾ അഡോപ്ഷൻ പ്രോഗ്രാം

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി മ്യൂസിയം സജ്ജമാക്കിയിരിക്കുന്ന പ്രത്യേക ഏകദിന വിദ്യാഭ്യാസ പാക്കേജ്.

വിദ്യാർത്ഥികളുടെ പ്രോജക്ട് -

ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ പ്രോജക്ടുകൾ ചെയ്യുന്നതിനുള്ള സഹായം വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. (നിബന്ധനകൾക്ക് വിധേയം)

എഡ്യൂസാറ്റ് ടോക്ക് ബാക്ക് ടെർമിനൽ

വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വിവിധ വിഷയങ്ങളിൽ പ്രഗൽഭർ നയിക്കുന്ന ക്ളാസ്സുകളുടെ പ്രയോജനം ലഭ്യമാക്കുന്നു.

മൊബൈൽ സയൻസ് എക്സിബിഷൻ യൂണിറ്റ് -

ശാസ്ത്ര സാങ്കേതിക വിദ്യ വിദൂരങ്ങളായ ഗ്രാമങ്ങളിലെ സാധാരണക്കാർക്ക് കൂടി പ്രയോജനപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ രൂപകൽപന ചെയ്തതാണ് 24 പ്രദർശന വസ്തുക്കളും ഒരു മിനി പ്ളാനറ്റേറിയവുമടങ്ങിയ സഞ്ചരിക്കുന്ന ശാസ്ത്ര പ്രദർശന യൂണിറ്റ്. സ്കൂളുകൾക്കും കോളേജുകൾക്കും മിനിമം 2000 രൂപയ്ക്ക് രണ്ടു ദിവസത്തെ പ്രദർശനം അനുവദിക്കുന്നതും തുടർന്നുള്ള ഓരോ ദിവസങ്ങൾക്കും 1000/- രൂപ വീതം അടയ്ക്കേ തുമാണ്. മറ്റു സ്ഥാപനങ്ങൾക്ക് മിനിമം 4000/- രൂപ രണ്ടു ദിവസത്തേയ്ക്കും തുടർന്നുള്ള ഓരോ ദിവസങ്ങൾക്കും 2000/- രൂപ വീതം അടയ്ക്കേണ്ടതാണ്. തുക ക്യാഷ് ആയോ ഡിഡി ആയോ ഡയറക്ടറുടെ പേരിൽ അയച്ചുതരാവുന്നതാണ്. ഇത് മുൻകൂറായി ബുക്ക് ചെയ്യേ താണ്.

പ്രത്യേക സേവനങ്ങൾ

മേഖലാ ശാസ്ത്ര കേന്ദ്രങ്ങൾ, ശാസ്ത്രോദ്യാനങ്ങൾ മുതലായവയുടെ രൂപകൽപന, നിർമ്മാണം മുതലായവയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ, സാങ്കേതിക സഹായം, മേൽനോട്ടം മുതലായ സേവനങ്ങൾ നിർദ്ദിഷ്ട വ്യവസ്ഥകളോടെ നൽകുക എന്നതും മ്യൂസിയത്തിന്റെ പ്രത്യേക സേവനങ്ങളിൽപെടുന്നു.

(ഇതിൽ പരാമർശിക്കുന്ന വിവരങ്ങൾ കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമാണ്)

കോൺഫറൻസ് ഹാളുകൾ

വിദ്യാഭ്യാസ സാംസ്കാരിക പരിപാടികൾക്ക് 200 പേർക്ക് ഇരിയ്ക്കാവുന്ന എയർക ീഷൻ ചെയ്ത കോൺഫറൻസ് ഹാൾ ലഭ്യമാണ്.

ഒരു ദിവസത്തെ വാടക - 10,000/- രൂപയും ടാക്സും

(വൈകുന്നേരം 5 മണി വരെ)

ഉച്ചയ്ക്ക് 1 മണി വരെ - 5,000/- രൂപയും ടാക്സും

സെക്യൂരിറ്റി ഡിപ്പോസിറ്റ് - 5000/- രൂപ (ഇത് തിരികെ നൽകുന്നതാണ്)

മിനി കോൺഫറൻസ് ഹാൾ

30 പേർക്ക് ഇരിക്കാവുന്ന മിനി കോൺഫറൻസ് ഹാൾ ഒരു ദിവസത്തെ (വൈകുന്നേരം 5 മണി വരെ) വാടക 3,000/- രൂപയും ടാക്സും

ഉച്ചയ്ക്ക് 1 മണി വരെ - 1,500/-രൂപ

സെക്യൂരിറ്റി ഡിപ്പോസിറ്റ് - 1500/- രൂപ (ഇത് തിരികെ നൽകുന്നതാണ്)

കുടുംബശ്രീ കാന്റീൻ

സന്ദർശകരുടെ സൗകര്യത്തിനായി മ്യൂസിയത്തിൽ ഒരു കുടുംബശ്രീ കാന്റീൻ പ്രവർത്തിക്കുന്നുണ്ട്.

ശാസ്ത്ര സാങ്കേതിക മ്യൂസിയത്തെ സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ശേഖരിക്കുന്നതിനായി താഴെ പറയുന്ന തലങ്ങളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ	സെക്ഷൻ ഓഫീസർ	ഫോൺ നമ്പർ 0471 – 2306024 0471 – 2306025
പബ്ളിക് ഇൻഫർമേഷൻ ഓഫീസർ	അക്കൗണ്ട്സ് ഓഫീസർ	0471 – 2306024 0471 – 2306025
അപ്പലേറ്റ് ഓഫീസർ	ഡയറക്ടർ	0471 – 2306024 0471 – 2306025 **Fax : 04712304286**

അഡ്മിനിസ്ട്രേറ്റീവ് ചാർട്ട്

ഡയറക്ടർ

ജോയിന്റ് ഡയറക്ടർ

അക്കൗണ്ട്സ് ഓഫീസർ

സിവിൽ വിഭാഗം

ഡെപ്യൂട്ടി ഡയറക്ടർ

അസിസ്റ്റന്റ് എക്സി. ഇഞ്ചിനീയർ

അസിസ്റ്റന്റ് ഡയറക്ടർ (മെക്കാനിക്കൽ)

അസിസ്റ്റന്റ് ഡയറക്ടർ (ഇലക്ട്രിക്കൽ)

സെക്ഷൻ ഓഫീസർ
ഹെഡ് ക്ളാർക്ക്
ആർട്ടിസ്റ്റ്
അപ്പർ ഡിവിഷൻ ക്ളാർക്ക്
ലോവർ ഡിവിഷൻ ക്ളാർക്ക്
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്,
ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്
റിസപ്ഷനിസ്റ്റ്,
ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ്
അറ്റൻഡൻമാർ
ശിപായിമാർ

സബ് ഇഞ്ചിനീയർ
ഹെഡ് ഗാർഡിനർ
ഗാർഡിനർ
സ്വീപ്പേർസ്

സയന്റിഫിക് ഓഫീസേർസ് (3)
ടെക്നിക്കൽ അസിസ്റ്റന്റ് (മെക്കാനിക്കൽ)
വർക്ക് ഷോപ്പ് ഫോർമാൻ
സ്റ്റോർ അസിസ്റ്റന്റ്
വർക്ക് ഷോപ്പ് അറ്റൻഡർ
വെൽഡർ കം ബ്ളാക്സ്മിത്ത്
ടർണർ
കാർപ്പെന്ററി മെക്കാനിക്
ഡ്രൈവർമാർ

സയന്റിഫിക് ഓഫീസേർസ് (2)
ടെക്നിക്കൽ അസിസ്റ്റന്റ് (ഇലക്ട്രോണിക്സ്)
പ്ളാനറ്റേറിയം ഓപ്പറേറ്റർ
എ.സി. പ്ളാന്റ് അസിസ്റ്റന്റ്
ഇലക്ട്രോണിക് മെക്കാനിക്ക്
സബ്സ്റ്റേഷൻ അസിസ്റ്റന്റ്
ജനറൽ ഇലക്ട്രീഷ്യൻ
തിയേറ്റർ അസിസ്റ്റന്റ്